# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3875** **21.06.2018 ൽ മറുപടിയ്ക്ക്**

## ഖരമാലിന്യങ്ങൾ സംസ്കരിച്ച് വൈദ്യുതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജി ചെറിയാൻ | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) | |
| (എ) | പൊതുജനങ്ങളുടെ സഹകരണത്തോടെ ഖരമാലിന്യങ്ങൾ സംസ്കരിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി ആധുനിക സംസ്കരണ പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. ഖരമാലിന്യങ്ങൾ സംസ്കരിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി സ്ഥാപിക്കുന്ന സംസ്കരണ പ്ലാൻറുകളിൽ നിന്നുമുള്ള വൈദ്യുതി പൂർണ്ണമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വാങ്ങുന്നതിന് തീരുമാനമായിട്ടുണ്ട്.<br>കൊച്ചി ബ്രഹ്മപുരത്ത് സ്ഥാപിക്കുന്ന കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ പദ്ധതിയിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിനായി ഇലക്ട്രിസിറ്റി ബോർഡുമായി പി.പി.എ. വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>ഖരമാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വമിഷനും ആണ്. സംസ്ഥാന നോഡൽ ഏജൻസിയായ അനെർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത പദ്ധതികളിൽ നിന്നും ഊർജ്ജ ഉത്പാദനത്തിനുള്ള സാങ്കേതിക സഹായങ്ങൾ നല്കുകയും ഇവയ്ക്ക് കേന്ദ്ര നവ നവീകരണീയ ഊർജ്ജ മന്ത്രാലയത്തിൽ നിന്നും അനുവദനീയമായ ധനസഹായം ലഭ്യമാക്കുകയും ചെയ്യുന്നു. |
| (ബി) | ഏതെല്ലാം സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; എവിടെയെല്ലാം ഇതിനാവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്; വിശദമാക്കാമോ; | | |
| (സി) | വൈദ്യുതി ഉത്പാദനത്തോടൊപ്പം സംസ്കരിച്ച മാലിന്യം ഉപയോഗിച്ച് ഉപോത്പന്നങ്ങൾ നിർമ്മിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; എങ്കിൽ എന്തെല്ലാമാണ്; | (സി) യും (ഡി) യും | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | പദ്ധതി കൂടുതൽ നഗരങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ആലോചിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**